**പതിനാലാം കേരള നിയമസഭ**
**4-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3713** **14.03.2017-ൽ മറുപടിയ്ക്ക്**

## കണ്ണൂർ ജില്ലയിലെ നേവൽ അക്കാദമിയുടെ മാലിന്യപ്ലാന്റ്

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ : | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കണ്ണൂർ ജില്ലയിലെ രാമന്തളി പ്രദേശത്ത് നേവൽ അക്കാദമിയുടെ മാലിന്യപ്ലാന്റിൽ നിന്ന് മലിനജലം ഒഴുകി സമീപത്തെ കിണറുകൾ മലിനപ്പെട്ട വിവരം ശ്രദ്ധയിൽ-പ്പെട്ടിരുന്നോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ബി) എങ്കിൽ ഈ പ്രശ്നം നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;<br>(സി) നേവൽ അക്കാദമിയുടെ ജനവാസ കേന്ദ്രത്തിലെ മാലിന്യപ്ലാന്റ് അടച്ചു-പൂട്ടുന്നതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ? | (ബി) & (സി) | സംസ്ഥാന മലിനീകരണ നിയ-ന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ കണ്ണൂർ നേവൽ അക്കാദമിയുടെ സ്വീവേജ് മാലിന്യ സംസ്കരണ പ്ലാന്റിൽ വിശദമായ പരിശോധന നടത്തുകയുണ്ടായി. പ്ലാന്റിന് പൂർണ്ണ രീതിയിലുള്ള സംസ്കരണ സംവിധാനം ഉള്ളതായി കണ്ടില്ല. ബാച്ച്-ബാച്ചായിട്ടാണ് പ്രസ്തുത പ്ലാന്റ് പ്രവർത്തിപ്പിച്ചിരുന്നത്. പ്ലാന്റിന്റെ ഇത്തരത്തിലുള്ള പ്രവർത്തന സംവിധാനം |

അനുയോജ്യമല്ല. ജല അതോറിറ്റി നടത്തിയ പഠനങ്ങളിൽ സമീപത്തെ കിണറുകളിൽ കോളിഫോമിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. എങ്കിലും അക്കാദമിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നുള്ള മലിനീകരണമാണോ സമീപത്തെ കിണറുകളിലെ കോളിഫോം സാന്നിധ്യത്തിനു കാരണം എന്നറിയുന്നതിന് വിശദമായ ഹൈഡ്രോ ജിയോളജിക്കൽ പഠനങ്ങൾ ആവശ്യമായി വരും.

പ്രസ്തുത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്, മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി കരസ്ഥമാക്കിയിട്ടില്ല. കൂടാതെ 2013-ൽ എസ്.ടി.പി ഓഗ് മെന്റേഷനായി ബോർഡ് നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുമില്ല. അനുമതി കൂടാതെ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനാൽ 22.2.2017 ന് നേവൽ അക്കാദമി കമാന്റിംഗ് ഓഫീസർക്ക് മലിനീകരണ നിയന്ത്രണ ബോർഡ് കാരണം കാണിക്കൽ നോട്ടീസ്

നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ പ്രവർത്തനം തൃപ്തികരമല്ലാത്ത-തിനാൽ കാര്യക്ഷമത വർദ്ധി-പ്പിക്കുന്നതിനായുള്ള തുടർ നിർദ്ദേ-ശങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്. പ്ലാന്റ് വിപുലീകരിക്കുന്നതിനും നില-വിൽ ബാച്ച് പ്രോസസ്സ് രീതിയിൽ പ്രവർത്തിപ്പിക്കുന്ന പ്ലാന്റ് തുടർച്ചയായി പ്രവർത്തി-പ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പ്ലാന്റിൽ നിന്നും ചോർച്ചയുണ്ടെ-ങ്കിൽ സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ചും നേവൽ അക്കാദമിക്ക് സാധ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ